# നീരയുടെ വില അറിയാത്തത് കേരളത്തിനു മാത്രം

**ജോജി സൈമൺ**

കൊച്ചി ● നീരയുടെ പേരിൽ നാളികേര വികസന ബോർഡും കൃഷിവകുപ്പും തമ്മിൽ തുടങ്ങിയ തർക്കത്തിൽ നീര ഉൽപാദനം മുടങ്ങിക്കിടക്കുമ്പോൾ കേരളത്തിനു മുന്നിൽ അടയുന്നത് അമേരിക്കയും ജപ്പാനും കാനഡയുമുൾപ്പെടെയുള്ള വൻ വിപണി. മറ്റു നാളികേരോൽപാദന രാജ്യങ്ങളെല്ലാം തന്നെ നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി കണ്ടെത്തിയിരിക്കുന്നത് അമേരിക്ക, കാനഡ, നോർവേ, ഫ്രാൻസ്, ജപ്പാൻ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലും ഗൾഫ് രാജ്യങ്ങളിലുമാണ്. എന്നാൽ, ഈ രാജ്യങ്ങളൊന്നും ലഘുപാനീയം എന്ന നിലയ്ക്ക് ഇതുവരെ വാണിജ്യാടിസ്ഥാനത്തിൽ മറ്റു രാജ്യങ്ങളിലേക്കു നീര കയറ്റിയയച്ചിട്ടില്ലെന്നു നാളികേരോൽപാദക രാജ്യങ്ങളുടെ (എപിസിസി) സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ടിൽ പറയുന്നു. നീര പോഷക പാനീയം എന്ന നിലയ്ക്കു തദ്ദേശീയമായി ഉപയോഗിക്കുകയും നീരയുടെ മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റിയയ്ക്കുകയുമാണ് എപിസിസിയിലെ ഇന്ത്യയൊഴികെയുള്ള 17 രാജ്യങ്ങളും ചെയ്യുന്നത്. ലഘുപാനീയം എന്ന നിലയ്ക്കു വാണിജ്യാടിസ്ഥാനത്തിൽ നീര കയറ്റുമതിക്ക് ഇന്ത്യയുടെ (കേരളത്തിന്റെ) മുന്നിൽ വൻ സാധ്യത തുറന്നു കിടപ്പുണ്ടെന്നു വ്യക്തമാക്കുന്നതാണ് ഈ റിപ്പോർട്ട്.

ഏറ്റവുമൊടുവിൽ പുറത്തുവന്ന കണക്കു പ്രകാരം ലോകത്ത് ഏറ്റവുമധികം നാളികേരം ഉൽപാദിപ്പിക്കുന്നത് ഇന്ത്യയാണ്. 2039 ഹെക്ടറിലായി 2189 കോടി നാളികേരമാണ് ഇന്ത്യയുടെ വാർഷികോൽപാദനം. ഇന്തൊനീഷ്യയും ഫിലിപ്പീൻസും ഇന്ത്യയെക്കാൾ കൂടുതൽ ശതമാനം സ്ഥലം നാളികേര കൃഷിക്കായി നീക്കിവയ്ക്കുന്നുണ്ടെന്നു മാത്രം. നാളികേരോൽപാദനത്തിലെ ഈ മുൻതൂക്കംതന്നെയാണ് ഇന്ത്യയുടെ സാധ്യതയും വർധിപ്പിക്കുന്നത്.

എന്നാൽ, നീരയോ മൂല്യവർധിത ഉൽപന്നങ്ങളോ കയറ്റുമതി ചെയ്യാത്ത ഏക എപിസിസി രാജ്യം ഇന്ത്യയാണെന്നതാണു വൈരുധ്യം. ഇന്തൊനീഷ്യയും തായ്‌ലൻഡും ഫിലിപ്പീൻസും മലേഷ്യയും ശ്രീലങ്കയുമെല്ലാം നീരയുടെ മൂല്യവർധിത ഉൽപന്ന കയറ്റുമതിയിൽ മുൻപിലാണ്. കഴിഞ്ഞ വർഷം ഇന്തൊനീഷ്യ ഉൽപാദിപ്പിച്ചത് 10 ലക്ഷം മെട്രിക് ടൺ നീര ഷുഗറാണ്.

ഇന്ത്യയിൽ ഇന്നുള്ള മൊത്തം തെങ്ങുകളുടെ ഒരു ശതമാനം നീര ഉൽപാദനത്തിന് ഉപയോഗിച്ചാൽ 18 ലക്ഷം തെങ്ങുകളിൽനിന്നു നീര ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണു നാളികേര വികസന ബോർഡിന്റെ കണക്ക്. നീര വിൽപനയിലൂടെ ലഭിക്കുന്ന തുകയുടെ പകുതി കർഷകനു നൽകാനാകും. കാൽ ഭാഗം ചെത്തുകാരനും കാൽ ഭാഗം സംസ്കരണത്തിനും ചെലവാകും. ഈ രീതിയിൽ ശൈശവ ദശ പിന്നിട്ട്, കയറ്റുമതിയുടെ ട്രാക്കിൽ കയറുന്നതോടെ നീര കേരളത്തിന്റെയും ഇന്ത്യയുടെയും വ്യാവസായിക ഭൂപടം തിരുത്തിക്കുറിക്കുമെന്നാണു ബോർഡിന്റെ വിലയിരുത്തൽ.

മൂല്യവർധിത ഉൽപന്നങ്ങളുടെ പിന്നാലെ പോകുന്ന മറ്റു രാജ്യങ്ങളൊന്നും നീര എന്ന പാനീയത്തെ മാർക്കറ്റ് ചെയ്യുന്നില്ല എന്നതാണ് ഇതിന് ഉപോദ്ബലകമായി നാളികേര വികസന ബോർഡ് കണ്ടെത്തുന്നത്.

ഏറ്റവുമധികം തെങ്ങുകളുള്ള കേരളത്തിൽ 10 ശതമാനം തെങ്ങുകൾ നീര ചെത്താൻ ഉപയോഗിച്ചാൽ പ്രതിവർഷം 54,000 കോടി രൂപയുടെ വിൽപന നടക്കും. ലീറ്ററിന് 100 രൂപ ലഭിക്കുമെന്നാണു കണക്കുകൂട്ടൽ. 10 ലക്ഷം പേർക്കു തൊഴിൽ ലഭിക്കുമെന്നതും പ്രധാനം. ഗൾഫ് മലയാളികൾ പ്രതിവർഷം കേരളത്തിലേക്ക് അയയ്ക്കുന്നതിനെക്കാൾ അധികം തുക ഇതുവഴി ലഭിക്കും. മഹാരാഷ്ട്രയെയും ഗോവയെയും കർണാടകത്തെയും തമിഴ്നാടിനെയും ഇതേ വഴിക്കു നയിക്കാൻ കഴിഞ്ഞാൽ വിദേശ വിപണിയിൽ ഇന്ത്യൻ നീര ചരിത്രമെഴുതുന്ന കാലം വിദൂരമല്ല.

